Fax: 0471-2301611
Phone : 0471-2300949 (Registrar)
2302756 (Office)
e-mail: registrartcmc@gmail.com

# TRAVANCORE–COCHIN COUNCIL OF HOMOEOPATHIC MEDICINE

RED CROSS ROAD, THIRUVANANTHAPURAM-35

---

നം.എ3. 4276/2012/എം.സി./updation/Homoeo

തീയതി: 13/05/2014

## ഹോമിയോപ്പതി ഡോക്ടർമാരുടെ ശ്രദ്ധയ്ക്ക്

ഈ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോമിയോപ്പതി ഡോക്ടർമാരുടെ ഏറ്റവും നവീനമായിട്ടുള്ള ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിലേയ്ക്ക് എല്ലാ ഹോമിയോപ്പതി ഡോക്ടർമാരും കേരള ഗസ്റ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ലൈഫ് സർട്ടിഫിക്കറ്റും, ഡിക്ലറേഷൻ സർട്ടിഫിക്കറ്റും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും തപാൽ വഴി അയച്ചു തരുകയോ, അല്ലാത്തപക്ഷം അസ്സൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഫോട്ടോ പതിച്ചിട്ടുള്ള തിരിച്ചറിയൽ രേഖയും സഹിതം നേരിട്ട് രജിസ്ട്രാറുടെ മുമ്പാകെ ഹാജരാവുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം ഇനിയും പാലിച്ചിട്ടില്ലാത്തവർക്ക് ഒരു അന്തിമ അവസരം കൂടി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആകയാൽ ഇനിയും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലാത്തവർ നിർദ്ദിഷ്ട രേഖകൾ ഈ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 30 ദിവസത്തിനകം സമർപ്പിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത ഡോക്ടർമാർ തങ്ങളുടെ പ്രാക്ടീസ് അവസാനിപ്പിച്ചിട്ടുള്ളതായോ, ജീവിച്ചിരിപ്പില്ലെന്നോ അതതു സംഗതി പോലെ കരുതപ്പെടുന്നതും അത്തരം ഡോകടർമാരുടെ പേരുകൾ ഇനി ഒരു അറിയിപ്പ് കൂടാതെ രജിസ്റ്ററുകളിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ നിയമാനുസൃതം എടുക്കുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. നിശ്ചിത രേഖകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയുട്ടുള്ളവരുടെ ലിസ്റ്റ് www.medicalcouncil.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

Sd/-
രജിസ്ട്രാർ
(തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം.)